# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

(സ്കൂൾ തലം)

## ആമുഖം

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര പഞ്ചായത്തിലെ VIII-ാം വാർഡായ മങ്കുഴി വാർഡിന്റെ വടക്കേയറ്റത്ത് പാറക്കരതെക്ക് എന്ന സ്ഥലത്താണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്.

പാറക്കരയിലും സമീപപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നടത്തുന്നതിന് പ്രൈമറി സ്കൂൾ ഇല്ലാതിരുന്നതിനാൽ മേച്ചേരിമഠത്തിൽ പുരുഷോത്തമൻ പോറ്റി ദാനമായി നൽകിയ സ്ഥലത്ത് ഈ പ്രദേശത്തെ നല്ലവരായ നാട്ടുകാരുടെയും കരയോഗക്കാരുടെയും ശ്രമഫലമായി 10-10-1955ൽ ഈ സ്കൂൾ പ്രവർത്തനമാരംഭിച്ചു. പിന്നീട് ഈ സ്കൂളിന്റെ ഭരണം ഒന്നുകൂടി കാര്യക്ഷമമായി നടത്തുന്നതിനു വേണ്ടി 1959-ാമാണ്ട് സെപ്റ്റംബർ മാസം 26-ാം തീയതി ഈ സ്കൂൾ നായർ സർവീസ് സൊസൈറ്റിക്ക് ദാനമായി എഴുതി കൊടുത്തു.

പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിൽ പന്തളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധീനതയിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്. അവികസിത പ്രദേശമായിരുന്ന പാറക്കരയിലെ സമസ്ത ജനവിഭാഗങ്ങൾക്കും ഉന്നതവിദ്യാഭ്യാസം ലഭിക്കുന്നതിന് ചവിട്ടുപടിയാകാൻ സഹായിച്ച ഈ സരസ്വതീക്ഷേത്രം നാടിന്റെ

പുരോഗതിയുടെ പാതയിൽ ഒരു നാഴികക്ക-
ല്ലാണ്. സമൂഹത്തിന്റെ ഉന്നതശ്രേണിയിൽ
പ്രവർത്തിക്കുന്ന ഒട്ടനവധി വ്യക്തികൾ ഈ
സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ് [redacted]-

| ക്ര No | പേര് | യോഗ്യത | തസ്തിക | സർവീസ് | പ്രസ്തുത സ്കൂളിലെ സർവീസ് |
|---|---|---|---|---|---|
| 1. | സുരജ. ജി. പിള്ള | BATTC | ഹെഡ്മിസ്ട്രസ് | 25 വർഷം | |
| 2. | സ്മൃതി. എസ് | +2, Deled | എൽ.പി.എസ്.ടി | താത്കാലികം | താത്കാലികം |
| 3. | ശ്രീജ.എസ് പിള്ള | +2, Deled | എൽ.പി.എസ്.ടി | താത്കാലികം | താത്കാലികം |
| 4. | ലക്ഷ്മി വാസുദേവൻ | +2, Deled | എൽ.പി.എസ്.ടി | താത്കാലികം | താത്കാലികം |

കുട്ടികളുടെ എണ്ണത്തിന്റെ കാര്യത്തിൽ താഴ്ന്നു പോയിരിക്കുന്ന സ്കൂളിനെ കൈപിടിച്ചുയർത്തുന്നതിനു വേണ്ടി പി.ടി.എയും സ്കൂൾ വികസന സമിതിയും ഒന്നുകൂടി ശക്തമാക്കി. സ്കൂളിന്റെ നിലവിലുള്ള അവസ്ഥ ചർച്ചചെയ്യുകയും മുന്നോട്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനു വേണ്ടി തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

ഇതിന്റെ മുന്നോടിയായി പി.ടി.എയുടെ സഹായത്തോടെ സ്കൂളും പരിസരവും കാടുവെട്ടിത്തെളിച്ച് വൃത്തിയാക്കി. പ്ലാസ്റ്റിക് കുപ്പികൾ ഒഴിവാക്കുന്നതിനു വേണ്ടി മൺകൂജ വാങ്ങി വച്ചിട്ടുണ്ട്. സ്കൂൾ ഹരിത വിദ്യാലയ ചട്ടം പാലിക്കുന്നുണ്ട്. പഞ്ചായത്ത് സ്കൂളിനെ ഹരിത വിദ്യാലയമായി പ്രഖ്യാപിച്ചു. പഠനോത്സവം സ്കൂളിൽ, പൊതു ഇടങ്ങളിൽ കഴിഞ്ഞ അദ്ധ്യയന വർഷം നടത്തിയിട്ടുണ്ട്. 3,4 ക്ലാസുകളിൽ സംയുക്ത ഡയറി, 1,2 ക്ലാസുകളിൽ സചിത്ര ഡയറി എന്നിവ കൃത്യമായി ചെയ്തു പോകുന്നു. പ്രവർത്തി ദിവസങ്ങളിൽ 9.45 ന് അസംബ്ലിയോടു കൂടി സ്കൂൾ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. എല്ലാ ദിവസവും അസംബ്ലി നടത്തുന്നു

ലഹരിയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനും അവർക്കെതിരായ മനോഭാവം വളർത്താനുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കും

സ്കൂൾ തല ആരോഗ്യ വിദ്യാഭ്യാസത്തിന് മാർഗ്ഗരേഖ തയ്യാറാക്കും ഇതിനായി പ്രചാരണ ബോധവത്കരണ പരിപാടികൾ വിദഗ്ദരുടെ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കും. ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സംവിധാനം സ്കൂൾ കാമ്പസിൽ ഉണ്ട്. മാലിന്യങ്ങൾ ഇവിടത്തിൽ തന്നെ വേർതിരിക്കുന്നത് അതു ശീലമായും ജീവിത രീതിയായും സ്കൂൾ ഘട്ടത്തിൽ തന്നെ മനസ്സിലാക്കാൻ ഇത് മൂലം സാധിക്കുന്നു.

കീടനാശിനികളുടെ അശാസ്ത്രീയ ഉപയോഗത്തിനെതിരെ പ്രചാരണം നടത്തുന്നതിലൂടെ കുട്ടികൾ ഇവയുടെ ദോഷങ്ങളെപ്പറ്റി ബോധവാന്മാരാകുന്നു. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായി കൃഷിരീതികൾ പരിചയപ്പെടുത്തും. ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ച് പ്രവർത്തിക്കാം

# പ്രോജക്ടുകൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• പ്രതിഭാ പോഷണ പരിപാടികൾ<br>• നാടകക്കളരി<br>• ജൈവവൈവിധ്യ പാർക്ക്<br>• സാഹിത്യ പോഷണ പരിപാടി<br>• ക്ലാസ്സ് പി.ടി.എ ശാക്തീകരണം<br>• പ്രവർത്തി പരിചയ പഠനം<br>• പച്ചക്കറിത്തോട്ടം<br>• അറിവുത്സവങ്ങൾ<br>• ബോധവൽക്കരണ പരിപാടി | • ഡൈനിങ് ഹാൾ<br>• ക്ലാസ്സ് മുറികൾ<br>• വിശ്രമ മുറി<br>• ലൈബ്രറി സജ്ജീകരണം<br>• ക്ലാസ്സ്മുറികൾക്ക് ഒരു പുസ്തകം അല്ലെങ്കിൽ പുസ്തക കിറ്റ്<br>• ഫ്രണ്ട് ക്യൂബി വീട്ടിലും സ്കൂളിലും<br>• ഹൈടെക് ക്ലാസുകൾ<br>• ഭാഷോദ്യാനം<br>• പ്ലാസ്റ്റിക് രഹിത ക്യാമ്പസ്<br>• സെമിനാറുകൾ | • പി.ടി.എ ശാക്തീകരണം<br>• പി.ടി.എ, എം.പി.ടി.എ<br>• വിദ്യാലയ വികസന സമിതി<br>• പൂർവ്വ വിദ്യാർത്ഥി സംഘടന<br>• ഗ്രന്ഥശാലകൾ ക്ലബുകൾ, സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ പൂർവ്വ അദ്ധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ വ്യവസായ ഗ്രൂപ്പുകൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• വിദ്യാലയ വികാസങ്ങൾ പൊതു സമൂഹവുമായി |

ഉപമേഖല : ഭാഷാപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും മലയാള ഭാഷ ഫലപ്രദമായി വായിക്കുന്നു, എഴുതുന്നു | 1. പഠനനില കണ്ടെത്തൽ (പ്രീ-ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തൽ | ജൂൺ ആദ്യവാരം (ഹ്രസ്വം) | അധ്യാപകർ | |
| | 2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ (അക്ഷരങ്ങൾ ഉറപ്പിക്കൽ, അക്ഷരകാർഡ്, വാക്കുകൾ കാർഡ്, എഴുതിയ കാർഡ്, ചിത്രങ്ങൾ എന്നിവയുടെ സഹായത്തോടെ ) | ജൂൺ രണ്ടാമത്തെ ആഴ്ച \| മാസക്കാലം (ഹ്രസ്വം) | അധ്യാപകർ | |
| കുട്ടികളുടെ മാതൃഭാഷാനിലവാരം ഉയർത്തൽ | 1. മികച്ച രചനകൾ ഒരുക്കൽ പ്രവർത്തനാധിഷ്ഠിത രീതിയിൽ തയ്യാറാക്കിയ ടീച്ചിംഗ് മാന്വലിന്റെ സഹായത്തോടെ ഐ.സി.ടി. | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
|---|---|---|---|---|
| | സാധ്യതകൾ ഉൾപ്പെടുത്തി സി.ഡി പ്രദർശനം എന്നിവയിലൂടെ, പഠന പ്രവർത്തനത്തിന്റെ ഭാഗമായി ക്ലാസ് മുറിയിൽ നടക്കേണ്ട രചനാ പ്രവർത്തനങ്ങൾ (കഥ, കവിത, കുറിപ്പ്, ആസ്വാദനക്കുറിപ്പ് തുടങ്ങിയവ ഉൾപ്പെടുത്തി പതിപ്പുകൾ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ (മധ്യമം) | അധ്യാപകർ എസ്.ആർ.ജി | |
| | 2. മലയാളത്തിളക്കത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു. | | | |
| ...ട്ടികളുടെ ...വാരം പരിഗ ...ച്ചുകൊണ്ട് 2. വായനാസാ... ...ഗികളുടെ | | | | |

| ...ക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
|---|---|---|---|---|
| ...ഴുതാനും ...ർക്കാനും 1 മുതൽ 4 വരെ ...ുള്ള ക്ലാസുകളി ലെ കുട്ടികൾക്ക് വായനാതാല്പര്യം ഉണ്ടാക്കുന്നതിന്, വായനാസംസ്കാ രം പ്രോത്സാഹി പ്പിക്കുന്നതിന് | 1. 1 മുതൽ 4 വരെ ക്ലാസുകളിൽ ഭാഷാ പഠനത്തിന്റെ ഭാഗ മായി വായിക്കേണ്ട സാമഗ്രികൾ സംബന്ധി ച്ച ലിസ്റ്റ് തയ്യാറാക്ക ൽ, ശേഖരിക്കൽ ക്ലാസ് ലൈബ്രറി (വായനാകാർഡുകൾ, ബാലസാഹിത്യമാസി കകൾ, കവിത, കളി ക്കുടുക്ക, പത്രം, മിന്നാമിന്നി, ഡൈജ സ്റ്റ് എന്നിവ വായനാ മൂലയിൽ ഒരുക്കൽ | ജൂൺ മുതൽ (ദീർഘകാലം) | അധ്യാപകർ, എസ്. എം. സി വികസന സമി തി | പഞ്ചാ യത്ത് |
| | 2. പിറന്നാളിനൊരു പുസ്തകം ക്ലാസ് ലൈബ്രറിയിലേ ക്ക് ഓരോ കുട്ടിയുടെ യും പിറന്നാളിന് ഓരോ പുസ്തകം ക്ലാസ് ലൈബ്രറിയി ലേക്ക്. | ദീർഘകാലം | | |
| | 3. ദിനാചരണങ്ങളു മായി ബന്ധപ്പെടുത്തി | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| | പഠനപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തൽ, CD പ്രദർശനം | ജൂൺ മുതൽ മാർച്ച് വരെ (ദീർഘം) | അധ്യാപകർ എസ്.ആർ.ജി | |
| • കുട്ടികളിൽ പത്രവായനാശീലം വളർത്തിയെടുക്കുന്നതിലൂടെ ആനുകാലിക അറിവ് നേടുന്നതിന്. | കുട്ടികളിൽ പത്രവായനാശീലം വളർത്തിയെടുക്കുന്നതിനുവേണ്ടി വിവിധ പത്രങ്ങൾ ക്ലാസ്മുറിയിൽ ഒരുക്കൽ, പത്ര ക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ, ചോദ്യോത്തരങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല പതിപ്പ് തയ്യാറാക്കൽ, മെഗാ ക്വിസ് | ജൂൺ മുതൽ (ദീർഘം) | അധ്യാപകർ എസ്.എം.സി | സ്കൗട്ട്സ് |

| | | | | |
|---|---|---|---|---|
| കുട്ടികൾക്ക് കൃതികൾ ആസ്വദിക്കുന്നതിനും, പ്രാദേശിക രചനകൾ അറിയുന്നതിനും കഥ, കവിത എന്നിവയുടെ സൃഷ്ടികർത്താക്കളെ മനസ്സിലാക്കുന്നതിന് | 1. കുട്ടികൾക്ക് സാഹിത്യാസ്വാദനം ചെയ്യപ്പെടുന്നതിനുവേണ്ടി പ്രാദേശികമായിട്ടുള്ള അറിയപ്പെടുന്ന സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം തുടങ്ങിയവ നടത്തൽ | സെപ്റ്റംബർ (ഹ്രസ്വം) | പ്രധാനാധ്യാപിക, പൂർവ്വ വിദ്യാർത്ഥി സംഘടന | |
| | 2. കുട്ടികൾക്കും രക്ഷിതാക്കൾക്കും വേണ്ടി സ്കൂൾതലത്തിൽ രചനാശില്പശാലകൾ നടത്തുന്നു. മികച്ച രചയിതാക്കളെ കണ്ടെത്തൽ, പ്രോത്സാഹിപ്പിക്കൽ | ജനുവരി (ഹ്രസ്വം) | പ്രധാനാധ്യാപിക, വിദ്യാരംഗം കലാസാഹിത്യവേദി കൺവീനർ, എസ്.എം.സി | |
| | 3. പതിപ്പുകൾ തയ്യാറാക്കൽ, സ്കൂൾതലത്തിൽ മാസികകൾ തയ്യാറാക്കൽ | ദീർഘം | പ്രധാനാധ്യാപിക അധ്യാപകർ | |

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ അനായാസമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ | 1. പഠനനില കണ്ടെത്തൽ | ജൂലൈ രണ്ടാമത്തെ ആഴ്ച (ഹ്രസ്വം) | ഇംഗ്ലീഷ് ടീച്ചർ, എസ്.ആർ.ജി | പി.ടി.എ, അധ്യാപകർ |
| | 2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ശേഖരിക്കൽ | ജൂൺ മുതൽ | പ്രധാനാധ്യാപകൻ, ഇംഗ്ലീഷ് ടീച്ചർ, എസ്.ആർ.ജി | |
| | 3. ഇംഗ്ലീഷിലുള്ള അസംബ്ലി | ആഴ്ചയിൽ 1 ദിവസം | ക്ലാസ് ടീച്ചർ | - |
| | 4. ഒരു ദിവസം ഒരു ഇംഗ്ലീഷ് പരിപാടി എല്ലാ ക്ലാസിലും | പ്രതിദിനം | ഇംഗ്ലീഷ് അധ്യാപകർ | - |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| • | കളിക്കോപ്പുകൾ, ഗണിതകേളികൾ ICT സാധ്യതകൾ | | | |
| | 2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെക്കൂടി ഉൾക്കൊള്ളിച്ച് പ്രവർത്തനങ്ങൾ ലഭ്യമാക്കുന്നു. | | | |
| • ഒന്നുമുതൽ 4 വരെ ക്ലാസ്സുകളിലെ ഗണിത പ്രവർത്തനങ്ങളിലെ ഗണിതാശയങ്ങൾ സ്വാംശീകരിക്കുന്നതിനും പഠനം ഉറപ്പാക്കുന്നതിനും വേണ്ടി ഗണിതലാബ് ഒരുക്കൽ | 1. ഒന്നുമുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ ഗണിതാശയങ്ങൾ അടിസ്ഥാനം പഠനം ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ | അധ്യാപകർ | |
| | 2. തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ എന്ന് തരം | ജൂൺ | അധ്യാപകർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | [illegible] | [illegible] | [illegible] |
|---|---|---|---|---|
| | 3. എസ്.എം.സി വികസനസമിതി യോഗങ്ങളിൽ ഗണിതലാബിനെക്കുറിച്ചുള്ള അവതരണം | ജൂൺ അവസാനം | പ്രധാനാധ്യാപിക സ്കൂൾ വികസന സമിതി | |
| | 4. ഗണിതലാബിലേക്കാവശ്യമായ പഠനോപകരണങ്ങൾ വാങ്ങൽ | ജൂലൈ | പ്രധാനാധ്യാപിക എസ്.എം.സി | |
| | 5. ഗണിതലാബിലേക്കാവശ്യമായ പഠനോപകരണങ്ങളുടെ നിർമ്മാണ ശില്പശാല എസ്.എം.സി/ അധ്യാപകർ, കുട്ടികൾ എന്നിവരെ പങ്കെടുപ്പിച്ച് | ആഗസ്റ്റ് | എസ്.എം.സി സ്കൂൾ വികസന സമിതി. അധ്യാപകർ | സ്പോൺസർഷിപ്പ് |
| • ഗണിതപഠനങ്ങൾ ഉറപ്പിക്കുന്നതിന് കൃഷി പ്രയോജനപ്പെടുത്തുക. | 1 ത്രാസ് ഉപയോഗിച്ച് സ്കൂൾ കൃഷിത്തോട്ടത്തിൽ നിന്നും പച്ചക്കറികൾ അളന്ന് തിട്ടപ്പെടുത്തുക, അളവുകൾ മനസ്സിലാക്കുന്നു. | [illegible] | | |

ഉപമേഖല : ശാസ്ത്രപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുതൽ 4 വരെ ക്ലാസുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉറപ്പാക്കൽ | 1. 1 മുതൽ 4 വരെ പഠനത്തിന് സഹായകരമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ അവസാനം (ഹ്രസ്വം) | ക്ലാസ് ടീച്ചർ | |
| | 2. തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, ക്ലാസിൽ സൃഷ്ടിക്കേണ്ടവ എന്ന് തരം തിരിക്കൽ, ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഉപകരണങ്ങൾ, നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവയും ഉൾപ്പെടുത്തി പ്രിന്റ് ചെയ്യൽ | ജൂലൈ മുതൽ (മധ്യമം) | അധ്യാപകർ/ എസ്.ആർ.ജി | |
| | 3. സാമഗ്രികൾ വാങ്ങൽ | ജൂലൈ | പ്രഥമാധ്യാപിക / എസ്.ആർ. ജി കൺവീനർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|
| | 4. പി.ടി.എ യോഗത്തിൽ ശാസ്ത്രമേള സംബന്ധിച്ച അവതരണം. സാമഗ്രികളുടെ ശേഖരണം | ജൂലൈ രണ്ടാമത്തെ ആഴ്ച | എസ്.എം.സി / എസ്.ആർ.ജി / പി.ടി.എ | |
| | 5. പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശില്പശാല സ്കൂൾ പഠനോപകരണ നിർമ്മാണ ശില്പശാലയുടെ ഭാഗമായി രക്ഷകർത്താക്കൾ, എസ്.എം.സി, എസ്.എസ്.ജി / അധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കൽ | സെപ്റ്റംബർ മുതൽ ദീർഘം | പ്രധമാധ്യാപിക. | |
| | 6. ശാസ്ത്രമേള ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം. | സെപ്റ്റംബർ | എസ്.എം.സി - പ്രധമാധ്യാപിക | |
| | 7. പരീക്ഷണ ശില്പശാല 1 മുതൽ 4 വരെ ക്ലാസുകളിലെ ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിപ്പിക്കൽ | ഡിസംബർ (മധ്യം) | പ്രധമാധ്യാപിക, എസ്.ആർ.ജി കൺവീനർ | |
| | 8. ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനുള്ളത് വാങ്ങൽ രക്ഷിതാക്കളെ വായിപ്പിക്കൽ | ഡിസംബർ | ക്ലാസ് ടീച്ചർ പ്രധമാധ്യാപിക എസ്.എം.സി | |
| | 9. പ്രത്യേക പരിഗണന നൽകേണ്ട കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ | | ക്ലാസ് ടീച്ചർ | |
| | 10. ശാസ്ത്രാവബോധം വളർത്തിയെടുക്കുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസുകൾ | ജനുവരി | പ്രധമാധ്യാപിക, എസ്.എം.സി | |
| | 11. ശാസ്ത്രോത്സവം | ഫെബ്രുവരി | പ്രധമാധ്യാപിക, ചുമതലയുള്ള അധ്യാപകർ | |

മേഖല : വിദ്യാഭ്യാസം

ഉപ മേഖല: കലാപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗപരമായ കഴിവുകൾ (സംഗീതം, നൃത്തം, ചിത്രരചന) കണ്ടെത്തി വളർത്തുന്നതിനും വികസിപ്പിക്കുന്നതിനും ആവശ്യമായ അവസരം ഒരുക്കൽ. | 1. കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് എസ്.എം.സിയിൽ ചർച്ച ചെയ്യൽ | ജൂലൈ-സെപ്തംബർ (ഹ്രസ്വം) | എസ്.എം.സി പഞ്ചായത്ത് | പഞ്ചായത്ത് |
| | 2. പ്രത്യേക സമയം കണ്ടെത്തി നൃത്തം, സംഗീതം, ചിത്രരചന എന്നീ മേഖലകളിലുള്ള അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾക്ക് വേണ്ട പരിശീലനം ഒരുക്കൽ | മധ്യമം | എസ്.എം.സി അധ്യാപകർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | 3. സ്കൂൾ കലോത്സവ വേദികളിൽ അവതരിപ്പിക്കാൻ ഉള്ള അവസരം ഒരുക്കൽ | ഓഗസ്റ്റ് സെപ്തംബർ | എസ്.എം.സി | |
| | 4. സബ്ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുവേണ്ടി കുട്ടികൾക്ക് പരിശീലനം നൽകൽ | ഒക്ടോബർ | | |
| | 5. സ്കൂൾ വാർഷികത്തോടനുബന്ധിച്ച് ഉള്ള പരിപാടികളിൽ കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ അവതരിപ്പിക്കുന്നതിന് ഉള്ള അവസരം ഒരുക്കൽ | മാർച്ച് | അധ്യാപകർ സ്കൂൾ വികസന സമിതി | 3000/- സ്പോൺസർഷിപ്പ് |

മേഖല : അക്കാദമികം

ഉപമേഖല : പ്രവൃത്തിപരിചയ പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...ട്ടാ കുട്ടി ...കൾക്കും ...വൃത്തി ...പരിചയ മേ ...ളയിൽ പരിശീ ...ലനം നൽക | 1. പ്രവൃത്തി പരിചയ മേളയിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനെക്കുറിച്ച് എസ്.എം.സി യിൽ തീരുമാനമെടുക്കൽ | ജൂൺ | അധ്യാപകർ | [illegible] |
| | 2. വിദഗ്ധരായ അധ്യാപകരുടെ മേൽനോട്ടത്തിൽ രക്ഷിതാക്കൾക്കും അധ്യാപകർക്കും വേണ്ടി പരിശീലനം നൽകൽ | ജൂൺ ജൂലൈ | അധ്യാപകർ എസ്.എം.സി പ്രധാനാധ്യാപിക | |
| | 3. പരിശീലനം ലഭിച്ച അധ്യാപകരുടെയും രക്ഷിതാക്കളുടെയും മേൽനോട്ടത്തിൽ കുട്ടികൾക്കുള്ള പരിശീലനം നൽകൽ. | ആഗസ്റ്റ് | എസ്.എം.സി പ്രധാനാധ്യാപിക അധ്യാപകർ | |

## പൊതുലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.

കുട്ടികളുടെ സർഗാപരവും അക്കാദമികപരവും കായിക പരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന, ദേശീയ, അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ പൗരന്മാരെ വളർത്തും.

ഈ സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കുന്ന എല്ലാ കുട്ടികളും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ ഉണ്ടാക്കുക. നന്നായി കൈകാര്യം ചെയ്യാനുള്ള കഴിവ്

വൈവിധ്യമാർന്നതും തനിമയുള്ളതുമായ ആചാരങ്ങളിലൂടെയും ഇടപെടലുകളിലൂടെയും പൊതുവിശ്വാസത്തെ കാത്തുസൂക്ഷിക്കി നിർത്താം എന്ന വ്യക്തമായ കാഴ്ചപ്പാടോടെ ഞങ്ങൾ ഒത്തൊരുമിച്ച് ഈ ദൗത്യത്തിൽ പങ്കാളികളാകുന്നു